**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6156** **09-07-2024 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പുനർനിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്കിൽ നിന്നും വിരമിച്ച ജീവനക്കാരെ പുനർനിയമനം നടത്തുന്നത് സംബന്ധിച്ച് ഈ സർക്കാരിന്റെ നയം വ്യക്തമാക്കാമോ; | (എ) | കേരള ബാങ്കിലെ വിരമിച്ച് ജീവനക്കാരെ പുനർനിയമിക്കുന്ന കാര്യത്തിൽ നയപരമായ തീരുമാനം എടുക്കേണ്ടത് ബാങ്ക് ഭരണ സമിതിയാണ്. ബാങ്ക് ഭരണ സമിതി ഇത് സംബന്ധിച്ച് സർക്കാരിന്റെ തീരുമാനത്തിന് വിടുന്ന കേസുകളിൽ പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്. |
| (ബി) | കേരള ബാങ്കിൽ നിന്നും 58 വയസ്സ് പൂർത്തിയാക്കി വിരമിച്ച ജീവനക്കാരായ എക്സിക്യൂട്ടീവ് ഡയറക്ടർ സഹദേവൻ, പ്രസിഡന്റിന്റെ പി.എ. അനിൽ വർമ്മ, ജനറൽ മാനേജർ പ്രീത എന്നിവർക്ക് പുനർനിയമനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കേരള ബാങ്കിൽ നിന്നും ഡെപ്യൂട്ടി ജനറൽ മാനേജരായി വിരമിച്ച ശ്രീ പി.എ. അനിൽ വർമ്മയെ ബാങ്കിന്റെ ട്രെയിനിങ്ങ് കോ-ഓർഡിനേറ്ററായി ദിവസ വേതന അടിസ്ഥാനത്തിൽ തൽക്കാലികമായി നിയമിച്ചിട്ടുള്ളതായി ബാങ്ക് അറിയിച്ചിട്ടുണ്ട്. |
| (സി) | ജീവനക്കാർ വിരമിക്കുന്നത് മൂലം കേരള ബാങ്കിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ ആവശ്യമായ നിർദേശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | കേരള ബാങ്കിൽ പി.എസ്.സി മുഖേന നികത്തേണ്ട നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ